കൊല്ലം ജില്ലാ സാക്ഷരതാമിഷൻ

പരിസ്ഥിതി സാക്ഷരതാ പദ്ധതി

ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനം

റിപ്പോർട്ട് - 2017

ജലം ജീവനാണ്... അത് സംരക്ഷിക്കുക...

ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനം

നവകേരളത്തിനായുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ

Alappuzha District
Oachira
Thazhava
Sooranad
Sasthancotta
Pattazhi
Pathanapuram
Achasnkovil
Amruthapuri
Mynagappally
Puthur
Kunnicode
Punalur
Rishi mala
Chavara
Mundrothurath
Arackal
Aryankavu
Tamilnadu state Thirunelveli district
Thrkkumbhagam
Neduvathoor
Kundana
Anchal
Karadipara
Neendakara
Ezhukone
Perinad
Ratta mala
Sahthikulangara
Kollam
Kilikkolloo
Pooyappally
Channapetta
Chadayamangalam
Thangasseri
Chathannnoor
Kari mala
Mayyanad
Kadakkal
Paravoor
Thiruvananthapuram district

ഉള്ളടക്കം

1. ആമുഖം

2. ജലസ്രോതസ്സുകളുടെ സ്ഥിതിവിവരം നടത്തുവാനായ സാഹചര്യം

3. ഉദ്ദേശ്യലക്ഷ്യങ്ങൾ

4. രീതിശാസ്ത്രം

5. പങ്കാളികൾ

6. കണ്ടെത്തലുകൾ

7. നിരീക്ഷണങ്ങൾ

8. പൊതുനിർദ്ദേശങ്ങൾ

9. ഉപസംഹാരം

10. ഫോട്ടോകൾ

11. പത്രകട്ടിംഗുകൾ

12. അവലംബം

13. സർവ്വേഫോറം

ആമുഖം

കേരളം നേരിടുന്ന വെല്ലുവിളികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പരിസ്ഥിതി പ്രശ്നം. കേരള സമൂഹത്തിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തന ങ്ങളെക്കുറിച്ച് ജനങ്ങളെ സജ്ജരാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന ശ്രദ്ധേയമായ പദ്ധതിയാണ് പരിസ്ഥിതി സാക്ഷരതാ പദ്ധതി.

ഈ പദ്ധതിയുടെ ഭാഗമായുള്ള റിപ്പോർട്ട് പ്രസിദ്ധികരിച്ചിട്ടുണ്ട്. സാക്ഷരതാമിഷൻ നടത്തിയ പരിസ്ഥതി സാക്ഷരതാ സർവേകളുടെ തുടർച്ചയായി 3 പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ നടത്തുന്നത്.

1. ജലസ്രോതസ്സുകളുടെ സ്ഥിതി വിവര പഠനവും തുടർപ്രവർത്തനങ്ങളും നടത്തുക
2. പരിസ്ഥിതി സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുക
3. ജൈവസമ്പത്തിന്റെ സ്ഥിതിവിവര പഠനവും തുടർപ്രവർത്തനങ്ങളും നടത്തുക

ആദ്യഘട്ട പ്രവർത്തനമെന്ന നിലയിലാണ് ജില്ലയിൽ സാക്ഷതാമിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 185 വിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിദ്യാകേന്ദ്രം സ്ഥിതിചെയ്യുന്ന വാർഡുകളി ൽ ജനകീയപങ്കാളിത്തോടെ സ്തിതിവിവര പഠനം നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കി പ്രകാശനം ചെയ്തത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാകേന്ദ്രങ്ങൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ ക്രോഡികരിച്ചുകൊണ്ട് ജില്ലാസാക്ഷരതാമിഷൻ ജില്ലാതലത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിക്കുന്നതിനായി സംസ്ഥാനസാക്ഷരതാമിഷന് സമർപ്പിച്ചിട്ടുണ്ട്.

ബഹു.മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ മാർ, ത്രീതലപഞ്ചായത്ത് ഭാരവാഹികൾ, മറ്റ് ജനപ്രതി നിധികൾ, സാമൂഹ്യസന്നദ്ധ പ്രവർത്തകർ, പ്രേരക്മാർ, ഉദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിലെ സമസ്തമേഖലയിലുള്ളവരും വിവധഘട്ടങ്ങളിലെ സർവേ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. ജനങ്ങളുടെ സഹകരണത്തോടെ ജനപങ്കാളിത്തത്തോടെ നടത്തിയ ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം ജലസ്രോതസ്സുകളുടെ സംരക്ഷിക്കുവാനും മലീനികരണം തടയുവാനും സഹായകമായ കൂടുതൽ പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ കഴിയുന്നു. ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം കേരളത്തിന്റെ സമഗ്രവികസനത്തിന് സഹായകരമാവട്ടെ

ജില്ലാകോർഡിനേറ്റർ

ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം നടത്തുവാനായ സാഹചര്യം

കൊല്ലം ജില്ലയുടെ ജനസംഖ്യ 2584118 വിസ്ത്രതി 2487 - 88 ച. കി. ആണ്. നദികൾ, കുളങ്ങൾ, തോടുകൾ, കായലുകൾ എന്നിവ നിരവധിയാണ്. ജനങ്ങൾ ഉയർന്ന സാക്ഷരതാ നിലവാരമുള്ളവയാണ്. ആരോഗ്യരക്ഷ, പോഷകാഹാരം, വ്യക്തിശുചിത്വം എന്നിവയിൽ ശ്രദ്ധിക്കുന്നവരാണ്. ശുദ്ധജലക്ഷാമം, മലിനീകരണം എന്നിവ ഗുരുതരമായ പ്രശ്നങ്ങളാണ്. നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമായ ശുദ്ധജലത്തിന്റെ ലഭ്യതയെക്കുറിച്ച് പഠിക്കുക, ഗുണനിലവാരത്തെക്കുറിച്ച് വിലയിരുത്തുകയും ഉറപ്പ് വരുത്തുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ സ്വരുപിക്കുക എന്നത് പ്രധാനമാണ്. കൂടാതെ, കേരളത്തിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്ന സാഹചര്യം കണ്ടെത്തുക, പ്രകൃതിയേയും പരിസ്ഥിതിയെയും ദോഷകരമാക്കുന്ന വസ്തുതകൾ വിലയിരുത്തുക. നെൽപാടങ്ങളും ജലസ്രോതസ്സുകളുമായുള്ള ബന്ധം തിട്ടപ്പെടുത്തുക, ജനപ്പെരുപ്പവും അനധികൃത നിർമ്മാണപ്രവർത്തനങ്ങളും ജലസ്രോതസ്സുകളെ ബാധിക്കുന്നു.

രീതിശാസ്ത്രം (METHEDOLOGY)

കൊല്ലം ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകൾ 11 ബ്ലോക്ക് പഞ്ചായത്തുകൾ 4 മുൻസിപ്പാലിറ്റികൾ 1 കോർപ്പറേഷൻ എന്നിവിടങ്ങളിലെ വിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന വാർഡുകളിൽ സർവേ നടന്നു. പൊതു വിഭാഗത്തിൽപെട്ടവർ, പട്ടികജാതിപട്ടികവർഗ്ഗക്കാർ, തമിഴ്ന്യൂനപക്ഷവിഭാഗക്കാർ, ട്രാൻസ്ജെൻഡേഴ്സ്, ഇതരസംസ്ഥാനതൊഴിലാളികൾ എന്നിവരെയെല്ലാം സർവേയിൽ ഉൾപ്പെടുത്തിയിരുന്നു. ഗ്രാമ - മുൻസിപ്പൽ - കോർപ്പറേഷൻ തലങ്ങളിലെ വിദ്യാകേന്ദ്രം സ്ഥിതി ചെയ്യുന്ന 50 - ൽ കുറയാത്ത വീടുകളിലാണ് സർവ്വെ നടന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ മറ്റ് ജനപ്രതിനിധികൾ എന്നിവരടങ്ങിയ സമിതികൾ യോഗം ചേർന്ന് ചർച്ചയും പ്രാഥമിക പഠനപ്രവർത്തനങ്ങളും നടത്തിയാണ് കുളവും സർവ്വേയ്ക്കുള്ള 50 വീടുകളും തെരഞ്ഞെടുത്തത്.

സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റി സംസ്ഥാനതലത്തിൽ ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനത്തിനായി സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചിരുന്നു. പരിസ്ഥിതിപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ, സാക്ഷരതാപ്രവർത്തകർ എന്നിവർ പങ്കെടുത്തു. തുടർന്ന് ജില്ലാതലത്തിൽ ജില്ലാ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ ജില്ലാതല ശില്പശാല നടത്തിയിരുന്നു. കൊല്ലം, കൊട്ടാരക്കര, അഞ്ചൽ എന്നിവിടങ്ങളിൽ വച്ചാണ് ശില്പശാലകൾ സംഘടിപ്പിച്ചത്. സാക്ഷരതാപ്രവർത്തകർ, ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, സാക്ഷരതാപ്രവർത്തകർ എന്നിവർ പങ്കെടുത്തു. യോഗത്തിൽ നടത്തിയ വിശകലനത്തിന്റെയും അപഗ്രഥനത്തിന്റെയും ഫലമായി ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനത്തെക്കുറിച്ചുള്ള കർമ്മപദ്ധതിക്ക് രൂപം നൽകിയത്.

3) ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠനത്തിനാവിശ്യമായ സംഘടനപ്രവർത്തനങ്ങളും സാങ്കേതിക സഹായങ്ങളും നൽകിയത് സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയാണ്. ജില്ലാകളിൽ ജില്ലാ സാക്ഷരതാമിഷൻ അതോറിറ്റിയും ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ അതത് സാക്ഷരതാ സമിതികളും വാർഡ് തലത്തിൽ വാർഡ് സാക്ഷരതാ സമിതികളുമാണ് നേതൃത്വം വഹിച്ചത്.

4) സർവേക്ക് ആവിശ്യമായ സന്നദ്ധപ്രവർത്തകരെ കണ്ടെത്തിയത് ഗ്രാമ/മുൻസിപ്പൽ/കോർപ്പറേഷൻ സാക്ഷരതാ സമിതികളാണ്. സാക്ഷരതാമിഷൻ, കുടുംബശ്രീമിഷൻ, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ്, ഐ.സി.ഡി.എസ് തുടങ്ങിയവയുടെ നേതൃത്വത്തിൽ നടത്തിയ സർവേയിൽ പങ്കെടുത്ത മുൻപരിചയമുള്ള സാക്ഷരതാ പ്രേരക്മാർ, ആശാവർക്കമാർ,

സി.ഡി.എസ്- എ.ഡി.എസ് പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എന്നിവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയാണ് സർവേക്ക് തെരഞ്ഞെടുത്തത്.

5) സർവേയുടെ പ്രചരണത്തിനായി കൊല്ലം ജില്ലാ സാക്ഷരതാമിഷൻ അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളുമായും റേഡിയോയിലൂടെയും നിരന്തരം അറിയിപ്പുകൾ നൽകിയിരുന്നു.

6) സർവേയുടെ ബഹുജനപങ്കാളിത്തവും പ്രചരണവും ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഗ്രാമ/ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ തലങ്ങളിലും വാർഡ് തലങ്ങളിലും പരിസ്ഥിതി പ്രവർത്തകരുടെയും സാമൂഹിക സാംസ്കാരിക പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സാക്ഷരതാപ്രവർത്തകരുടെയും നേതൃത്വത്തിൽ കൂട്ടായ്മ സംഘടിപ്പിച്ചിരുന്നു.

7) ജലസംരക്ഷണവുമായി ബന്ധപ്പെട്ട വകുപ്പുകൾ പ്രവർത്തകർ, വിദഗ്ദ്ധർ അനുബന്ധ വകുപ്പിലുള്ള ഉദ്യോഗസ്ഥർ എന്നിവരെ കൂട്ടിയോജിപ്പിച്ചുകൊ് സർവ്വേയുടെ വിജയത്തിനായി കർമ്മപദ്ധതികൾ തയ്യാറാക്കുകയും പിന്തുണ സംവിധാനം ഉറപ്പു വരുത്തുകയും ചെയ്തു

പങ്കാളികൾ

ജലസ്രോതസ്സുകളുടെ സർവ്വേയിൽ 6065 വീടുകളാണ് നടത്തിയത്. സർവ്വേയിൽ പങ്കാളികളായവർ 14781 ആണ്. സർവേയിൽ പങ്കെടുത്തവരിൽ കൂടുതൽ സ്ത്രീകളുമാണ്. (9085 സ്ത്രീകളും 5696 പുരുഷാരുമാണ് പങ്കെടുത്തത്) 3249 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗക്കാർ 203 പേരും മത്സ്യതൊഴിലാളി കുടുംബത്തിൽപ്പെട്ട 492 പേരും ഇതരസംസ്ഥാന വിഭാഗത്തിൽപ്പെട്ട 14 പേരും ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ട 7 പേരും ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 5 പേരും സർവേയിൽ പങ്കെടുത്തു. സർവേയിൽ പങ്കെടുത്ത് ചോദ്യാവലി പൂരിപ്പിച്ച് നൽകിയവരിൽ 10 -ാം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളവർ

പത്താം ക്ലാസ് വിജയിച്ചവർ.............................9256
ഹയർ സെക്കറി വിദ്യാഭ്യാസം നേടിയവർ............4715
ബിരുദം നേടിയവർ..3050
ബിരുദാനാന്തര ബിരുദം നേടിയവർ..................1762



സർവേപ്രകാരം ജലസ്രോതസ്സുകളുടെ സ്ഥിതിവിവര കണക്കെടുപ്പിൽ 88 കുളങ്ങളും 15 തോടുകളും 2 കായലുകളും 22 പൊതുകിണറുകളും 5 എണ്ണം മറ്റുള്ളവയുമാണ്. സർവേ പ്രകാരം ജലസ്രോതസ്സ് ഇപ്പോൾ ഉപയോഗയോഗ്യമാണോ എന്ന ചോദ്യത്തിന് 122 കുളങ്ങൾ ഉപയോഗയോഗ്യമാണെന്നും 10 കുളങ്ങൾ ഉപയോഗ ശൂന്യമാണെന്നും കണ്ടെത്തി. സർവേ പ്രകാരം ഉപയോഗയോഗ്യമായ കുളങ്ങൾ കുളിയ്ക്കുന്നതിനും നനയ്ക്കുന്നതിനും കുടിക്കുന്നതിനും കൃഷിയ്ക്കും ഉപയോഗിക്കുന്നു. കന്നുകാലികളെ കുളിപ്പിക്കുന്നതും തുണി അലക്കുന്നതും കുറഞ്ഞുവരുന്നു.സർവേ പ്രകാരം ജലസ്രോതസ്സ് ഉപയോഗയോഗ്യമല്ലെങ്കിൽ എന്തുകൊണ്ട് മലിനമാക്കപ്പെട്ടു എന്ന ചോദ്യത്തിന് മലിനമാക്കപ്പെട്ടുനെന്ന് 45% പേരും

മറ്റ് ജലസ്രോതസ്സുകൾ ഉള്ളതിനാൽ 20% പേരും
അപകടാവസ്ഥയിൽ ഉള്ളതിനാൽ15% പേരും
മറ്റുള്ളവ 12%



സർവേപ്രകാരം ഉപയോഗശൂന്യമായിമാറിയ ജലസ്രോതസ്സിന്റെ ഉപയോഗങ്ങൾ

....

കുളിക്കാൻ ഉപയോഗിക്കുന്നവർ............38%

കന്നുകാലികളെ കുളിപ്പിക്കുന്നവർ..................20%

കൃഷിയ്ക്ക് ഉപയോഗിക്കുന്നവർ.......................23%

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നവർ..............8%



സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സ് മലിനാവസ്ഥയിലെങ്കിൽ കാരാണമെന്ത് ?

ഖരമാലിന്യം...............................32%

ചവറുകൾ.......................................37%

ഗാർഹിക മാലിന്യങ്ങൾ............................21%

ദ്രവമാലിന്യങ്ങൾ(മലിനജലമൊഴുക്കൽ).....................10%



നിർദ്ദേശങ്ങൾ/വിലയിരുത്തലുകൾ

1) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ഗ്രാമീണ തലങ്ങളിൽ സ്ഥിരം സമിതികൾ രൂപീകരിക്കേതാണ്.
2) കിണറുകളും കുളങ്ങളും കായലുകളും മറ്റ് നീരുറവകളുമടക്കം ജലസ്രോതസ്സുകളുടെ മേൽ നോട്ടത്തിനും പരിപാലനത്തിനുമായി സമിതികൾ ചേരണം
3) ജലാശയങ്ങളുടെ മലിനീകരണം തടയണം
4) ജലാശയങ്ങളുടെ നവികരണവും ശുചികരണവും ഇടയ്ക്കിടക്ക് നടത്തുക. കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടങ്ങൾ പ്രകാരം മാലിന്യ നിർമ്മാർജ്ജനവും മാലിന്യം തള്ളുന്നവരെ ശിക്ഷിക്കുന്നതിനും നടപടി വേണം
5) ജലസ്രോതസ്സുകളുടെ സംരക്ഷണം സംബന്ധിച്ച് ജനങ്ങൾക്ക് നിരന്തരം ബോധവൽക്കരണം നടത്തണം.
6) ജലസ്രോതസ്സുകൾ മലീനമാക്കുന്നവർക്കെതിരെ നിയമ നടപടികൾ ഉാകണം
7) ജലസ്രോതസ്സുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃഷി, ജലസേചനം, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ ഏകോപനം ഉാകണം
8) കുംബശ്രീ, സാക്ഷരതാമിഷൻ, തൊഴിൽ ഉറപ്പു പദ്ധതി പ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനം ഉണ്ടാകണം.

ചുമതലകൾ

1) കുടിവെള്ളത്തിൽ മാലിന്യം കലരുന്നത് തടയണം
2) വിദ്യാലയങ്ങളിലും കലാലയങ്ങളിലും ജലസംരക്ഷണം സിലബസിൽ ഉൾപ്പെടുത്തണം
3) വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ വേണം
4) കുളങ്ങൾ കിണറുകൾ എന്നിവ വൃത്തിയാക്കി മഴവെള്ള സംരക്ഷണത്തിനും ശേഖരണത്തിനും ഉപയോഗിക്കുക
5) പൈപ്പുലൈൻ ജലവിതരണം കാര്യക്ഷമമാക്കുക
6) കാർഷിക മേഖലക്ക് ശാസ്ത്രീയമായ ജലസേചനരീതികൾ ഉപയോഗിക്കുക
7) പാടങ്ങളും തണ്ണീർതടങ്ങളും സംരക്ഷിക്കണം
8) മനുഷ്യന്റെ നിലനില്പിനാവിശ്യമായ ഓക്സിജൻ ലഭിക്കുന്നതിന് മരങ്ങൾ നട്ടു വളർത്തേത് അനിവാര്യമാണ്.

ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠന സർവേ

- സർവേ പ്രകാരം നിങ്ങളുടെ സമീപത്തെ ജലസ്രോതസ്സു എതെണ് എന്ന ചോദ്യത്തിന് കുളം എന്ന് 48% പേരും തോട് എന്ന് 10%പേരും പുഴയെന്ന് 9% പേരും കായൽ എന്ന് 6% പേരും പൊതുകിണർ എന്ന് 24% പേരും 3 % പേർ മറ്റുള്ളവയെന്നും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സ് ഇപ്പോൾ ഉപയോഗ ശൂന്യമാണോ എന്ന ചോദ്യത്തിന് 69% പേർ അതേയെന്നും 39% പേർ അല്ലയെന്നും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഉപയോഗശൂന്യമായ കിണർ എന്തിനൊക്കെയാണ് എന്ന ചോദ്യത്തിന് കുടിക്കാൻ എന്ന് 15 % പേരും അലക്കാൻ ആണെന്ന് 25 % പേരും കുളിക്കാൻ ആണെന്ന് 24 % പേരും കന്നുകാലികളെ കുളിപ്പിക്കാൻ എന്ന് 10% പേരും കൃഷിക്കാണെന്ന് 15 % പേരും മറ്റുള്ളവക്കാണെന്ന് 1 % പേരും രേഖപ്പെടുത്തി.
- സർവേ പ്രകാരം ഉപയോഗശൂന്യമായത് എങ്ങിനെയാണ് എന്ന ചോദ്യത്തിന് മലിനമാക്കപ്പെട്ടത് കൊണ്ട് എന്ന് 45% പേരും മറ്റ് ജലസ്രോതസ്സുകൾ ഉള്ളതിനാലാണ് എന്ന് 38% പേരും അപകടവസ്ഥയിലായെന്ന് 7% പേരും മറ്റുള്ളവയെന്ന് 10% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഉപയോഗശൂന്യമായ ജലസ്രോതസ്സിന്റെ മുൻ ഉപയോഗം എന്ന ചോദ്യത്തിന് കുടിക്കാനും പാചകം ചെയ്യാനും എന്ന് 24 % പേരും കുളിക്കാൻയെന്ന് 32% പേരും കന്നുകാലികളെ കുളിപ്പിക്കാൻ എന്ന് 24 % പേരും കൃഷി ഉപയോഗത്തിന് 20% പേരും മത്സ്യബന്ധനത്തിന് 4% പേരും എന്ന് സർവേയിലൂടെ കണ്ടെത്തി.
- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സ് മലിനാവസ്ഥയിലേക്ക് എങ്കിൽ കാരണമെന്ത് എന്ന ചോദ്യത്തിന് ഖരമാലിന്യം(ചപ്പ്ചവറുകൾ) നിക്ഷേപിക്കുന്നതുമൂലം എന്ന് 35% പേരും ദ്രവമാലിന്യങ്ങൾ (മലിനജലം) ഒഴുകുന്നതു മൂലം എന്ന് 20% പേരും ഗാർഹിക മാലിന്യങ്ങൾ മൂലമെന്ന് 24% പേരും അമിതചോഷണം മൂലമെന്ന് 7% പേരും മറ്റുള്ളവയെന്ന് 4% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം മലിനജലമാണ് കാരണമെങ്കിൽ പ്രോഗ്രസ് എതെന്ന ചോദ്യത്തിന് ഗാർഹികമെന്ന് 30% പേരും വ്യവസായികമെന്ന് 28% പേരും രാസമാലിന്യങ്ങൾ എന്ന് 7% പേരും വാഹനങ്ങൾ കഴുകുന്നതു മൂലമെന്ന് 15% പേരും കന്നുകാലികളെ കുളിപ്പിക്കുന്നത് മൂലംമെന്ന് 17 % പേരും മറ്റുള്ളവയെന്ന് 3% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഖരമാലിന്യങ്ങൾ ആണെങ്കിൽ എന്ത്കൊണ്ടാെ് എന്ന ചോദ്യത്തിന് ഹോട്ടൽ മാലിന്യമാണെന്ന് 20% പേരും പ്ലാസ്റ്റിക്ക് കുപ്പി മാലിന്യമൂലമെന്ന് 35% പേരും ചപ്പ്ചവറുകൾ മൂലമെന്ന് 32% പേരും മറ്റുള്ളവയെന്ന് 3% പേരും അഭിപ്രായപ്പെട്ടു.

- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സ് മലിനപ്പെടുന്നുവെന്ന് നിങ്ങൾക്ക് കിട്ടിയ സൂചന എന്ന ചോദ്യത്തിന് മണം എന്ന് 32 % പേരും നിറം എന്ന് 40% പേരും .മറ്റുള്ളവയെന്ന് 10% പേരും ജലജീവികളുടെ നാശമെന്ന് 12% പേരും മറ്റ് എതെങ്കിലും വ്യക്തമാക്കുക എന്ന ചോദ്യത്തിന് 6% പേരും മറ്റുള്ളവയെന്ന് 2% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സുവുമായി ബന്ധപ്പെട്ട് മുമ്പ് ഉണ്ടായിരുന്ന ജൈവസമ്പത്ത് ? എന്ന ചോദ്യത്തിന് മത്സ്യങ്ങൾ എന്ന് 45% പേരും .... 35% പേരും പക്ഷികൾ എന്ന് 15% പേരും മറ്റുള്ളവയെന്ന് 5% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഈ ജൈവസമ്പത്ത് ഇപ്പോൾ കാണപ്പെടുന്നുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 25% പേരും ഇല്ലായെന്ന് 35% പേരും ഭാഗികമെന്ന് 40% പേരും വ്യക്തമാക്കി.
- സർവേ പ്രകാരം ഇല്ലങ്കിൽ അതിനുള്ള കാരണങ്ങൾ ? എന്ന ചോദ്യത്തിന് മാലിന്യനിക്ഷേപംമൂലമെന്ന് 38% പേരും ജലത്തിന് വേണ്ടിയുള്ള അമിതചൂക്ഷണംമെന്ന് 20% പേരും മണ്ണിനടിയിൽ മൂലമെന്ന് 22% പേരും കയ്യേറ്റം മൂലമെന്ന് 5% പേരും വരൾച്ചമൂലമെന്ന് 5% പേരും മറ്റുള്ളവയെന്ന് 2% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സ് അപകടാവസ്ഥയിലെങ്കിൽ എപ്രകാരംമെന്ന ചോദ്യത്തിന് ഉപയോഗംമൂലമെന്ന് 25% പേരും മണലൂറ്റ് മൂലമുള്ള ആഴക്കൂടുതൽ എന്ന് 35% പേരും സംരക്ഷണഭിത്തിയുടെ അഭാവംമൂലമെന്ന് 15% പേരും കയ്യേറ്റം മൂലമെന്ന് 15% പേരും മറ്റുള്ളവയെന്ന് 10% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്ന ചോദ്യത്തിന് ശുദ്ധജലക്ഷാമം എന്ന് 45% പേരും ജലജന്യരോഗംമെന്ന് 35% പേരും മറ്റ് പ്രശ്നങ്ങൾ മൂലമെന്ന് 10% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം മുൻപ് ഉണ്ടായിരുന്ന ജലസ്രോതസ്സുകളിൽ ഏതെങ്കിലും അപ്രത്യക്ഷമായോയെന്ന് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 55% പേരും ഇല്ലായെന്ന് 30% പേരും അറിയില്ലായെന്ന് 15% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ജലസ്രോതസ്സുകൾ അപ്രത്യക്ഷമായിട്ടുങ്കിൽ അതിന്റെ കാരണം റോഡ് നിർമ്മാണംമൂലമെന്ന് 20% പേരും കെട്ടിടനിർമ്മാണമൂലമെന്ന് 15% പേരും

വയൽനികത്തൽ മൂലമെന്ന് 25% പേരും കാലാവസ്ഥ വ്യതിയാനം മൂലമെന്ന് 15% പേരും കൈയേറ്റംമൂലമെന്ന് 15% പേരും മറ്റുള്ളവയെന്ന് 10% പേരും അഭിപ്രായപ്പെട്ടു.

- സർവേ പ്രകാരം ജലസ്രോതസ്സുകൾ അപ്രത്യക്ഷമായതിനെക്കുറിച്ചുള്ള പാരിസ്ഥിതിക പ്രശന്ങ്ങളെക്കുറിച്ച് നിങ്ങൾ ബോധവാൻമാരാണോ അതേ എന്ന് 48% പേരും ഇല്ലായെന്ന് 52% പരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ജലസ്രോതസ്സുകൾ അപ്രത്യക്ഷമായതിന് ശേഷം കിണറിലെ ജലനിരപ്പ് താണതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 55% പേരും ഇല്ലായെന്ന് 42% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം വേനൽക്കാലത്ത് നിങ്ങളുടെ കിണറ്റിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 78% പേരും ഇല്ലായെന്ന് 22% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ കാരണവുമായി ബന്ധമുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 68% പേരും ഇല്ലായെന്ന് 24% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഉങ്കിൽ അതിന് പരിഹാരമായി മേൽപ്പറഞ്ഞ കാരണവുമായി അപലംബിച്ചിട്ടുാേ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 42% പേരും ഇല്ലായെന്ന് 25% പേരും അറിയില്ലായെന്ന് 32% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ഉണ്ടെങ്കിൽ എത് മാർഗ്ഗമാണ് അപലംബിച്ചത് എന്ന ചോദ്യത്തിന് (കിണർ വൃത്തിയാക്കൽ, കിണർ ഇറക്കൽ, മഴവെള്ള സംഭരണം, കിണർ റീചാർജ്ജിംഗ്, മാലിന്യങ്ങൽ നിക്ഷേപിക്കാതിരിക്കുക എന്നിവ രേഖപ്പെടുത്തി
- സർവേ പ്രകാരം പ്രസ്തുത ജലസ്രോതസ്സിൽ മുൻമ്പ് മത്സ്യ സമ്പത്ത് ഉണ്ടായിരുന്നോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 48 % പേരും ഇല്ലായെന്ന് 28% പേരും ഭാഗികമായി ഉന്നെ് 32% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം മത്സ്യ സമ്പത്ത് ഉായിരുന്നു എങ്കിൽ ഇപ്പോൾ ഇതിന് എന്തെങ്കിലും പോഷണം ഉായിരുന്നോയെന്ന് നിങ്ങളുടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 48% പേരും ഇല്ലായെന്ന് 52% പേരും അഭിപ്രായപ്പെട്ടു.
- സർവേ പ്രകാരം ജലസ്രോതസ്സുകളുടെ പുനരധിവാസത്തിനും ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും വേി എന്തെങ്കിലും മാർഗ്ഗങ്ങൽ അപലംബിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്ന് 48% പേരും ഇല്ലായെന്ന് 30% പേരും അറിയില്ലായെന്ന് 22% പേരും അഭിപ്രായപ്പെട്ടു.

ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം

ആകെ കേന്ദ്രങ്ങൾ – 187 ആകെ കുളങ്ങൾ – 104 തോട് – 48

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	വാർഡിന്റെപേര്	ജലസ്രോതസ്സിന്റെ പേര്	പങ്കെടുത്തവരുടെ എണ്ണം	സ്ത്രീ/	പുരുഷൻ
1	ശാസതാംകോട്ട	ഠൗൺവാർഡ്	ശാസ്താംകോട്ട ശുദ്ധജലതടാകം	150	107	43
2	കൊല്ലം കോർപ്പറേഷൻ	അറുന്നൂറ്റിമംഗലം ഡിവിഷൻ	ആറാട്ടുകുളം	30	18	12
3	കൊല്ലം കോർപ്പറേഷൻ	താമരക്കുളംവാർഡ്	താമരക്കുളം	30	18	12
4	കൊല്ലം കോർപ്പറേഷൻ	കൈക്കുളങ്ങരഡിവിഷൻ	പൊതുകിണർ	30	15	15
5	കുന്നത്തൂർ	നിലയ്ക്കൽവാർഡ്12	കൊല്ലന്റകുളം....	50	32	18
6	കൊല്ലം കോർപ്പറേഷൻ	ഉളിയക്കോവിൽ വാർഡ് 15	1. എം.ജി.കോളനി മഹാത്മാ ഗാന്ധി കിണർ 2 ആലയിൽക്കുളം കുറുവേലി കോളനി പൊതുകിണർ ചീരാഞ്ചേരി, പൊതുകിണർ	50	15	35
7	തലവൂർ	ഞാറയ്ക്കാട്	ചാമലഭാഗം പൊതുകിണർ ചാമലകോളനികിണർ പീലിക്കോട്ട് കോളനി കിണർ, വയലിക്കിടഭാഗം കിണർ, പരുവക്കുഴി തോട്, നടുത്തേരിപിലമൂട്തോട്, പാലമൂട് വയലിക്കട തോട്, ഇലഞ്ഞിവയൽതോട് കുന്നുംകോട് തോട്	55	30	25
8	തലവൂർ		മഞ്ഞക്കാല് കല്ലടയാറ്, പഴഞ്ഞിവയൽതോട്, തലവൂർതോട് കളത്ത് തോട്, കുടമൺഏലാതോട്, വെട്ടുവഴിതോട്	40		
9	വിളക്കുടി	കുരാംകോട് വാർഡ്	അമ്പ്രാട്ടുതോട്, നെട്ടൂർ തോട്, ചെറിയതോട്			
10	കൊല്ലംകോർപ്പറേഷൻ	പട്ടത്താനം ഡിവിഷൻ	മനച്ചിതോട്			
11	തലവൂർ	നടുത്തേരി	ഏലപ്പുറതോട്, പറശ്ശേരിക്കുളം, ആറ്റുശേരി ഏലാതോട്	25	5	20
29	കുറഗ്രാമപഞ്ചായത്ത്	പുലപ്രവാർഡ്	പുലപ്ര അമ്പലക്കുളം വെള്ളിയാലനംതോട് കൊച്ചൂട്ടി കൈതോട്			

30	ചിറ്റുമല ബ്ലോക്ക്, തൃക്കരുവ		നടുവിലച്ചേരി, മംഗലത്തുകുളം മണ്ണാശ്ശേരിതോട്
31	ഏരൂർ ഗ്രാമപഞ്ചായത്ത്	നെട്ടയംവാർഡ്	അഞ്ചൽതോട്
32	ഏരൂർ ഗ്രാമപഞ്ചായത്ത്	ആയിരനല്ലൂർ	കല്ലടയാറ് ആയിരനല്ലൂർ കോണം തോട് തെക്കേക്കോണം വടക്കനയ്യൻ തോട് അടുക്കളക്കോണം തോട് ആർ.പി.എൽ പൊതുകുളം, പൊതുകിണർ
33	അഞ്ചൽപഞ്ചായത്ത്	അഗസ്ത്യകോഡ് വാർഡ്11	ചാവരുകാൽക്കുളം ശബരിഗിരി ഏലാതോട്(ചിപ്പുവയൽ) ചാവരുകാവ് പൂവണ്ണൂർതോട് പാനക്കോട് ഏലാതോട്
34	അലയമൺ പഞ്ചായത്ത്	പുല്ലാഞ്ഞിയോട് വാർഡ്	പുല്ലാഞ്ഞിയോട് വെട്ടിതിരുവ്തോട് പുല്ലാഞ്ഞിതോട് പൊതുകിണർ കരികോൺ പൊതുകിണർ
35	തൃക്കരുവ	മണലിക്കട	ചെറുകല മണലിക്കടതോട് പാട്ടത്തിൽക്കുളം കളിയിലിൽതോട് മണലിക്കട, പഞ്ചായത്തുകിണർ
29	കുണ്ടറഗ്രാമപഞ്ചായത്ത്	പുലപ്രവാർഡ്	പുലപ്ര അമ്പലക്കുളം വെള്ളിയാലനംതോട് കൊച്ചൂട്ടി കൈതോട്
30	ചിറ്റുമല ബ്ലോക്ക്, തൃക്കരുവ	നടുവിലച്ചേരി	മംഗലത്തുകുളം മണ്ണാശ്ശേരിതോട്
31	ഏരൂർ ഗ്രാമപഞ്ചായത്ത്	നെട്ടയംവാർഡ്	അഞ്ചൽതോട്
32	ഏരൂർ ഗ്രാമപഞ്ചായത്ത്	ആയിരനല്ലൂർ	കല്ലടയാറ് ആയിരനല്ലൂർ കോണം തോട് തെക്കേക്കോണം വടക്കനയ്യൻ തോട് അടുക്കളക്കോണം തോട് ആർ.പി.എൽ പൊതുകുളം, പൊതുകിണർ
36	കുളത്തൂപ്പുഴ	വാർഡ് 10 ഡാലി	മുക്കാൽസെന്റ് തോട് ബിസ്മില്ലാപുരയിടക്കുളം, 30 അടിതോട് അടിപ്പച്ചക്കുളം
37	തൃക്കരുവ	വൺമലവിദ്യാകേന്ദ്രം	വൺമലവാർഡ് കുറ്റിക്കുളങ്ങരകുളം കടപ്പയിൽക്കുളം,അഷ്ടമുടിക്കായൽ
38	തൊടിയൂർ	ഇടക്കുളങ്ങര വാർഡ്	പുത്തൻകുളം
39	മൈനാഗപ്പള്ളി കോവൂർ വിദ്യാകേന്ദ്രം	കോവൂർ വാർഡ്	തെന്നൂർക്കുളം, താന്നിയ്ക്കൽക്കുളം
40	നീകര പഞ്ചായത്ത്	11-ാംവാർഡ്	പനയ്ക്കൽതുരുത്ത്, വെള്ളിത്തുരുത്ത്, നീലേശ്വരം തോട്,ഏളൂർകായൽ, വെട്ടുതറ പൊതുകിണർ
41	വേങ്ങറ, തൊടിയൂർ	വേങ്ങറ	ഉറ്റുകുഴിക്കുളം
42	തേവലക്കര		ആലയിൽക്കുളം, 32 കുമരംചിറക്കുളം

43	കുണ്ടറ	തെറ്റിക്കുന്ന് വാർഡ്	ഊറ്റുകുഴിക്കുളം, തെറ്റിക്കുന്ന് പൊതുകിണർ സൈഡുതോട്
44	നീണ്ടകര	പരിമണംവാർഡ്	പരിമണം മഴവെള്ളസംഭരണികൾ, പൊതുകിണർ
45	ഏരൂർ	കിണറുമുക്ക് വാർഡ് 3	ആർപ്പുകുന്ന് പാലമുക്ക്തോട്, കിണറുമുക്ക് വെള്ളച്ചാൽ തോട്, ആലുംമൂട്ടിൽതോട്, കിണറുമുക്ക്............തോട്
46	മൈനാഗപ്പള്ളി	....	
47	പടി:കല്ലട	കോയിക്കൽഭാഗം	ശാസ്താംകോട്ടകായൽ കോയിക്കൽഭാഗം കുളങ്ങരക്കുളം
48	ശാസ്താംകോട്ട	പനപ്പെടി	ശാസ്താംകോട്ടകായൽ
49	മൈനാഗപ്പള്ളി	കടപ്പ	കുളങ്ങരതോട്, കല്ലുവെട്ടാംകുളം
50	പട്ടാഴി	ററൗൺവാർഡ്	പന്തപ്ലാവ്കുളം കല്ലടയാറ്
51	പട്ടാഴി	തെക്കേത്തേരിവാർഡ്	മുങ്ങനാട്ട്കുളം ആര്യക്കാട്ട് ഏലാതോട്
52	പെരിനാട്	ചെറുവാർഡ്	മഴക്കുഴി
53	പെരിനാട്	കേരളപുരം	ഏലാതോട്
54	പനയം	റെയിൽവേസ്റ്റേഷൻവാർഡ്	കച്ചിറതോട്
55	പേരയം	കുമ്പളംകായൽ	
56	പേരയം	പടപ്പക്കര	റഫയേൽലോഹാക്കുളം
57	കിഴക്കേകല്ലട	കോയിക്കൽ	കല്ലടയാറ് കുറിറികികംകുളപ്പുരംതോട്
58	പേരയം	മുളവന	സൗന്ദര്യതോട്
59	തൃക്കരുവ	7-ാം വാർഡ്	വേളിക്കാട്ടുകുളം, മേടയിൽക്കുളം, ബംഗ്ലാവിൽക്കുളം, ഇരഞ്ഞിമലതോട്, കാക്കത്തോടത്ത് തോട്, തോടുവയൽതോട്
60	പന്മന	കൊല്ലകവാർഡ്	ചാലക്കുളം പള്ളിക്കലാറ്
61	തലവൂർ		വിഷപ്പള്ളിൽക്കുളം ഇരവിക്കോട്തോട് ഏലാദിതോട്
62	നിലമേൽ	നടുപച്ച വാർഡ്	നെടുംപച്ചതോട്, വേയ്ക്കൽതോട്, വേയ്ക്കൽ പൊതുകുളം, ശാസ്താംകോണംകുളം
63	തെക്കുംഭാഗം	നടയ്ക്കാവ് വാർഡ്	നടയ്ക്കാവ് പൊതുകിണർ, മാർക്കറ്റ്കിണർ, ഉദയാദിക്യപുരം, ശിവക്ഷേത്രംകുളം
64	ചവറബ്ലോക്ക്	ചവറപഞ്ചായത്ത്	തോട്ടിനുവടക്ക്കുളം
65	നീകര	ഫിഷർമെൻകോളനി 3-ാംവാർഡ്	നീകരപൊഴി, ടി.എസ്.കനാൽ
66	നിലമേൽ	നിലമേൽകോളേജ് വാർഡ്	വെള്ളാരം പാറതോട് കാരോട്പൊതുകിണർ
67	ചവറഗ്രാമപഞ്ചായത്ത്	വാർഡ്- 23 കരിത്തുറ	കരിത്തുറകോട്
68	നിലമേൽ	എലികുന്നാംമുകൾ	വെള്ളാംപാറകിണർ കണ്ണാംക്കോട് തോട്
69	ചവറ	കോട്ടയ്ക്കകം വാർഡ്	പഞ്ചായത്തുകുളം
70	ചിറ്റുമല ബ്ലോക്ക്	ചിറ്റുമല വാർഡ്-6	ചിറ്റുമല ചിറ, തോടിക്കരകുളം, കക്കാട്ടുകുളം
71	ചിറ്റുമല ബ്ലോക്ക്	വികസനവിദ്യാകേന്ദ്രം നാന്തിരിക്കൽ	കാഞ്ഞിരോട്കായൽ
72	കൊല്ലം കോർപ്പറേഷൻ	കിളിക്കൊല്ലൂർ വാർഡ്	സലാമത്ത് പൊതുകിണർ, കട്ടവിള പള്ളി പൊതുകിണർ, കൈരളിനഗർപൊതുകിണർ
73	തേവലക്കര	കോയിവിളവാർഡ്	മണ്ണൂർകുളം, ചേനംകുളം
74	ചവറ ബ്ലോക്ക്	പനയന്നാർ വാർഡ്	പള്ളിക്കലാറ്
75	മൺട്രോതുരുത്ത്	പട്ടംതുരുത്ത്	പട്ടംതുരുത്ത് വടക്കേതറ, പൊതുകിണർ
76	മൺട്രോതുരുത്ത്	പേഴുംതുരുത്ത്	ഇടച്ചാൽപാലം പേഴുംതുരുത്ത് ആറാട്ടുകുളം
77	കുണ്ടറ	കരിപ്രവാർഡ്	കരിപ്രാ പോതുകിണർ, പരിഹാരക്കേട്തോട്, മുളവന ഏലാതോട്

സർവ്വേയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. നമ്മൾ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് കുടിവെള്ളപ്രശ്നം. ഇതിന് ജനകീയപങ്കാളിത്തത്തോടെ പരിഹാരംകാണുക എന്നത് പ്രധാന ലക്ഷ്യമാണ്.

2. ജലസ്രോതസ്സുകളെ കണ്ടെത്തുക, സംരക്ഷണം ഉറപ്പാക്കുക, തുടർപ്രവർത്തനങ്ങൾ നടത്തുക.

3. ജലസ്രോതസ്സുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടപ്രശ്നങ്ങളുടെ ഘടകങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുന്നതിന് പ്രശ്നങ്ങളെ ജനങ്ങളുടെയും ഗവൺമെന്റിന്റെയും മുന്നിൽ അവതരിപ്പിക്കുന്നതിനും ഇതിനെ ഫലപ്രദമായി നേരിടുന്നതിനും ജാഗ്രതപുലർത്തുന്നതിനും സാമൂഹികഇടപെടൽ നടത്തുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുകയാണ് ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠനവുമായി ബന്ധപ്പെട്ടലക്ഷ്യങ്ങളിൽ പ്രധാനമാണ്.

4. നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമായ ശുദ്ധജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും വിലയിരുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

5. കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യം കണ്ടെത്തുക.

6. പ്രകൃതിയെയും പരിസ്ഥിതിയെയും ദോഷകരമായിബാധിക്കുന്ന ജൈവമാലിന്യങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുക.

7. ജനപ്പെരുപ്പവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും ജലസ്രോതസ്സുകളെ ബാധിക്കുന്നുണ്ടോയെന്ന് കണ്ടെത്തുക.

8. പ്ലാസ്റ്റിക് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നുണ്ടോയെന്നും അവമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധമുണ്ടോയെന്ന് അന്വേഷിക്കുക.

ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠനം

പൊതുനിർദ്ദേശങ്ങൾ

1 കുടിവെള്ളസ്രോതസ്സ് മലിനീകരിക്കപ്പെടുന്നുണ്ടെന്ന് സർവ്വേയിൽ പങ്കെടുത്ത ഭൂരിഭാഗം ആളുകളും അഭിപ്രായപ്പെട്ടു. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും കുടിവെള്ളസ്രോതസ്സ് മലിനീകരിക്കുന്നതിന്റെ കാരണമാണ്. ഇതിനെതിരെ ശക്തമായ നടപടിയും ബോധവത്ക്കരണപ്രവർത്തനങ്ങളും നടത്തേതാണ്.

2 ജലസംരക്ഷണത്തിൽ നമ്മൾ കൂടുതൽ ജാഗ്രതപുലർത്തേിയിരിക്കുന്നു. പരിസരപ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളത്തന് മണ്ണിന്റെ പാളികളിൽക്കൂടി താഴെക്കുവ്യാപിച്ച് മണ്ണിലെ ഈർപ്പമായും ഭൂഗർഭജലമായും ഉപരിതല ജലസ്രോതസ്സുകളിലേക്കുമുള്ള നിക്ഷേപവുമായി മാറുന്നതിന് സൗകര്യം ഒരുക്കുവാൻ വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കണം.

3 കുളങ്ങളുടെ നവീകരണം ഉറവകളുടെ പുനരുദ്ധാരണം, ഭൂജല പരിപോഷണങ്ങളുടെ നിർമ്മാണം, മഴവെള്ള കിണറുകളുടെമേൽഭാഗത്തുള്ള കിണർ റീച്ചാർജ്, മഴവെള്ളത്തെ സംഭരിക്കുവാൻ പര്യാപ്തമായകിണർ റീച്ചാർജ്, മഴവെള്ളത്തെ സംഭരിക്കുവാൻ പര്യാപ്തമായ ഇതരസംഭരണികൾ നിർമ്മാണം എന്നിവ നടപ്പിലാക്കേതാണ്.

4 കടുത്ത വരൾച്ചയും ശുദ്ധജലക്ഷാമവും അനുഭവപ്പെടുമ്പോൾ കുടിവെള്ള കമ്പനികളും വ്യവസായ സ്ഥാപനങ്ങളും ഭൂഗർഭജലം ഊറ്റിഎടുക്കുന്നത് ശക്തമായ നിയമംമൂലം തടയേിയിരിക്കുന്നു.

5 സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാണ് ജൈവകൃഷി എന്നുള്ളതിനാൽ ജൈവകൃഷി വ്യാപകമായി ആരംഭിക്കേതാണ്. ഇത് മൂലം കൃഷിക്കാരെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാവുന്നതാണ്. ഉയർന്ന ഉൽപ്പാദനക്ഷമതയും കുറഞ്ഞ ജലവിനിയോഗവുമുള്ള കൃഷിമാർഗ്ഗങ്ങൾ അത്യാവശ്യമായി ഉപയോഗിക്കേിയിരിക്കുന്നു.

6 കാലാവസ്ഥാവ്യതിയാനങ്ങൾക്ക് ആഗോളതാപനം കുറയ്ക്കുന്നതിനും കടുത്ത വരൾച്ച ഒഴിവാക്കുന്നതിനും വൃക്ഷങ്ങൾ അനിവാര്യമാണ്. മഴ വ്യാപകമാക്കുവാനും വൃക്ഷങ്ങളുടെ പങ്ക് നിർണ്ണായകമാണ്. വീട്ട് വളപ്പിലും പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ട് വളർത്തുന്നത് അനിവാര്യമാണെന്ന് സർവ്വെ വിലയിരുത്തുന്നു.

7 നെൽപ്പാടങ്ങൾ നികത്തി മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങിയതുകൊണ്ട് ഭക്ഷ്യ ഉൽപ്പാദനത്തിൽ വലിയകുറവാണുായത്. ഭൂഗർഭ ജലത്തിന്റെ പ്രധാന ഉത്ഭവസ്ഥാനമായ വയലുകൾ നികന്നതോടെ ജലലഭ്യതകുറഞ്ഞു. അതുകൊണ്ട് വയലുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത നിലനിർത്തുകയും ചെയ്യേണ്ടതാണ്.

8 ജലസ്രോതസ്സുകളിൽ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ അതിപ്രസരം മൂലം ജലസ്രോതസ്സുകൾ ഇല്ലാതായിക്കൊരിക്കുന്നു.

9 കുളങ്ങൾ, പൊതുകിണറുകൾ, തോടുകൾ എന്നിവ പ്രകൃതിയുടെ പ്രധാനഭാഗങ്ങളാണ്. ഇവയിൽ മാലിന്യങ്ങ നിക്ഷേപിക്കുന്നതും പായൽ ശല്യം ഉണ്ടാക്കുന്നതും ജലസ്രോതസ്സുകളെ നാശോന്മുഖമാക്കുന്നു. ഇത്തരത്തിൽ നാടിന്റെ നാനാഭാഗങ്ങളിലും ജലസ്രോതസ്സുകൾ ഉപയോഗശൂന്യമായി കിടക്കുന്നു. ഇവ നവീകരിച്ച് സംരക്ഷിച്ചാൽ നാടിന്റെ ജലനിധിയായി ഇത് മാറും. ജനകീയപങ്കാളിത്തത്തോടെ ജലസ്രോതസ്സുകളുടെ നശീകരണം തടയുവാനും ജലസ്രോതസ്സുകളെ സംരക്ഷിക്കാനുമുള്ള പദ്ധതികൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

10 റാംസങ് പദവിയുള്ള ശാസ്താംകോട്ടകായൽ, വേമ്പനാട്ട് കായൽ എന്നിവ ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്. അവയെ സംരക്ഷിക്കുകയും സമീപപ്രദേശങ്ങൾ സംരക്ഷിക്കുകയും ചെയ്ത് ജില്ലയിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്.

11 ഏറ്റവും ഉൽപ്പാദനക്ഷമമായ പാരിസ്ഥിതിക ആവാസവ്യവസ്ഥയായ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും ഉറപ്പാക്കേണ്ടതാണ്. ജലത്തിന്റെ ആവശ്യകതയും ലഭ്യതയും ഉപയോഗപ്പെടുത്തുവാൻ തണ്ണീർത്തടങ്ങൾ പ്രയോജനകരമാണ്. ജലസംരയക്ഷണം, പുനഃചംക്രമണം, ജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും ഉപയോഗം, മഴവെള്ള ശേഖരണം ഇവ വിപുലമായി നടപ്പാക്കേണ്ടിയിരിക്കുന്നു.

ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതി

1 ജലസ്രോതസ്സുമായി ബന്ധപ്പെട്ടകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന-തല ഉപദേശകസമിതി രൂപീകരിക്കുക. ജലവിഭവമന്ത്രി ചെയർമാനായി വിവിധവകുപ്പുകളുടെയും സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾ ജലസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുള്ളവർ, വിദഗ്ദ്ധർ എന്നിവരടങ്ങിയതായിരിക്കണം സമിതികൾ.

2 ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാതലങ്ങളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാസമിതികൾരൂപീകരിക്കുക.

3 ജലസംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളുടെയും പ്രവർത്തനങ്ങളിൽ മേൽനോട്ടം ഉാവുക.

4 പ്രാദേശിക ജലസംരക്ഷണപ്രവർത്തനങ്ങൾപരിസ്ഥിതി സാഹചര്യങ്ങൾ, പരിസ്ഥിതി പരിപാലന രീതികൾ എന്നീ ജലസ്രോതസ്സുകളുടെ വിവരവിനിമയ കേന്ദ്രങ്ങൾ ആരംഭിക്കേതാണ്.

5 ജലസംരക്ഷണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശക്തമായി ജലസംരക്ഷണ നിയമനിർമ്മാണ നടപടികൾ കൈക്കൊള്ളേത് അത്യാവശ്യമാണ്.

6 ജലസംരക്ഷണവും വികസനവും സമന്വയിപ്പിച്ചുകൊള്ള സുസ്ഥിരവികസന പദ്ധതികൾ നടപ്പിലാക്കുക.

7 സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ജലസംരക്ഷണപഠനം മാറണം. ജലസംരക്ഷണബോധം സാമൂഹ്യബോധമായി രൂപപ്പെടണം. ഇത് സംസ്ക്കാരത്തിന്റെ ഭാഗമായിമാറണം.

സർക്കാർ കാലാകാലങ്ങളായി ജലസംരക്ഷമത്തിനുവേണ്ടി ആവിഷ്ക്കരിച്ച നിയമങ്ങൾ

1 വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ്പൊലൂഷൻ) ആക്ട് +8 1984 (1998 – ലെ ഭേദഗതിയോടെ)

2 വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ്പൊലൂഷൻ) സെസ് ആക്ട് 1977 (1991– 2003– ലെ ഭേദഗതിയോടെ)

3 എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ ആക്ട് 1986)

4 എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) റൂൾസ് 1986 (1981, 1998, 1999, 2001, 2003, 2004— ലെ ഭേദഗതിയോടെ)

അവലംബം

1 വികസനത്തിന്റെ മാറ്റൊലികൾ– ഡോ. എ.പി.ജെ. അബ്ദുൾകലാം

2 കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പരിസ്ഥിതി സാക്ഷരതാറിപ്പോർട്ട്– 2017

3 കേരള സംസ്ഥാന പരിസ്ഥിതി നയം – 2009

ഉപസംഹാരം

മാനവരാശിയുടെ ഭാവിപ്രതിസന്ധിയിലാക്കുന്നവിധം യാഥാർത്ഥ്യമായിക്കൊിരിക്കുന്ന ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടപ്രശ്നങ്ങളെ അഭിസംബോധനചെയ്യുവാൻ കേരളം തയ്യാറാവുകയാണ്. ഇതിന്റെ ഭാഗമായാണ് സാക്ഷരതാമിഷൻ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട സംരക്ഷണപ്രവർത്തനങ്ങളും പഠനപ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത്. പരിസ്ഥിതി സൗഹൃദപരമായ നവകേരളം സൃഷ്ടിക്കുക, ആരോഗ്യകരമായ കേരളസമൂഹം യാഥാർത്ഥ്യമാക്കുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് അതീവജാഗ്രതയോടുള്ള പ്രവർത്തനങ്ങളും സന്നദ്ധസേവനങ്ങളും കേരളസമൂഹം ഏറ്റെടുക്കേതുണ്ട് എന്ന് ജലസ്രോതസ്സുകളുടെ സ്ഥിതിവിവര പഠനം സാക്ഷ്യപ്പെടുത്തുന്നു. ജലസംരക്ഷണം കേരളജനതയുടെ സാംസ്ക്കാരിക ബോധമായിമാറണം. ഇതിനാവശ്യമായ പ്രായോഗുകവും ശാസ്ത്രീയവുമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടന്ന ജലസ്രോതസ്സുകളുടെ സ്ഥിതിവിവര ക്രോഡീകരണറിപ്പോർട്ട് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
പരിസ്ഥിതി സാക്ഷരതാപരിപാടി
ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠനം - 2017

വിവരശേഖരണഫോറം I

(ഗൃഹ സന്ദർശനം നടത്തി രേഖപ്പെടുത്താനുള്ളത്)

EFS	01

ജില്ല :

തദ്ദേശ സ്വയംഭരണ സ്ഥാപനം :

വാർഡ് : തിയ്യതി

വീട്ടുനമ്പർ : ....

ഗൃഹനാഥൻ/ഗൃഹനാഥ : ....

വിലാസം : ....

....

....

വിവരങ്ങൾ നല്കിയവർ : ....

ചോദ്യാവലി

(അഭിപ്രായങ്ങൾക്ക് ☑ ചിഹ്നം രേഖപ്പെടുത്തുക)

1 നിങ്ങളുടെ സമീപത്തെ പൊതുജലസ്രോതസ്സ് ഏത്?

കുളം ☐ തോട് ☐ പുഴ ☐ കായൽ ☐ പൊതുകിണർ ☐ മറ്റുള്ളവ ☐

2 പ്രസ്തുത ജലസ്രോതസ്സ് ഇപ്പോൾ ഉപയോഗയോഗ്യമാണോ?

അതെ ☐ അല്ല ☐

3 ഉപയോഗയോഗ്യമാണെങ്കിൽ എന്തിനൊക്കെ?

കുടിക്കാൻ ☐ കുളിക്കാൻ ☐ കൃഷിക്ക് ☐

അലക്കാൻ ☐ കന്നുകാലികളെ കുളിപ്പിക്കാൻ ☐ മത്സ്യം വളർത്താൻ ☐ മറ്റുള്ളവ ☐

4 ഉപയോഗയോഗ്യമല്ലെങ്കിൽ എന്തുകൊണ്ട്?

മലിനമാക്കപ്പെട്ടതു കൊണ്ട് ☐ അപകടാവസ്ഥയിലായതിനാൽ

മറ്റ് ജലസ്രോതസ്സുകൾ ഉള്ളതിനാൽ ☐ മറ്റുള്ളവ ☐

5] ഉപയോഗശുന്യമായി മാറിയ ജലസ്രോതസ്സിന്റെ മുൻ ഉപയോങ്ങൾ?

കുടിക്കാനും പാചകം ചെയ്യാനും ☐ കുളിക്കാൻ☐
കന്നുകാലികളെ കുളിപ്പിക്കുന്നതിലേക്കായി ☐ കൃഷിക്ക് ☐ മത്സ്യബന്ധനത്തിന് ☐

6 പ്രസ്തുത ജലസ്രോതസ്സ് മലിനാവസ്ഥയിൽ എങ്കിൽ കാരണമെന്ത്?

ഖരമാലിന്യം (ചപ്പുചവറുകൾ) ☐ ദ്രവമാലിന്യങ്ങൾ (മലിന ജലമൊഴുക്കൽ) ☐
ഗാർഹികമാലിന്യങ്ങൾ ☐ അമിതപോഷണം ☐ മറ്റുള്ളവ ☐

7 മലിന ജലം ആണ് കാരണമെങ്കിൽ സ്രോതസ്സ്

ഗാർഹിക ☐ വ്യാവസായികം ☐ രാസമാലിന്യങ്ങൾ ☐
വാഹനങ്ങൾ കഴുകൽ ☐ കന്നുകാലികളെ കുളിപ്പിക്കൽ ☐ മറ്റുള്ളവ ☐

8 ഖരമാലിന്യങ്ങൾ ആണെങ്കിൽ

ഹോട്ടൽ മാലിന്യങ്ങൾ ☐ പ്ലാസ്റ്റിക്, കുപ്പി മാലിന്യങ്ങൾ ☐
ചപ്പുചവറുകൾ ☐ മറ്റുള്ളവ ☐

9 പ്രസ്തുത ജലസ്രോതസ്സ് മലിനപ്പെട്ടുവെന്നതിന് നിങ്ങൾക്ക് കിട്ടിയ സൂചനയെന്ത്:

മണം ☐ നിറം ☐
ത്വക്ക് സംബന്ധിച്ച രോഗങ്ങൾ ☐ മറ്റേതെങ്കിലും വ്യക്തമാക്കുക ☐
ജലജീവികളുടെ മരണം ☐ മറ്റുള്ളവ ☐

10 പ്രസ്തുത ജലസ്രോതസ്സുമായി ബന്ധപ്പെട്ട് മുൻപുണ്ടായിരുന്ന ജൈവസമ്പത്ത്

മത്സ്യങ്ങൾ ☐ പക്ഷികൾ ☐
സസ്യവൈവിധ്യം ☐ മറ്റുള്ളവ ☐

11 ഈ ജൈവസമ്പത്ത് ഇപ്പോൾ കാണപ്പെടുന്നുണ്ടോ?

ഉണ്ട് ☐ ഇല്ല ☐ ഭാഗീകമായി ☐

12 ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ?

മാലിന്യനിക്ഷേപം ☐ ജലത്തിനു വേണ്ടിയുള്ള അമിതചൂഷണം ☐
മണ്ണടിയൽ ☐ മറ്റുള്ളവ ☐ കയ്യേറ്റം ☐ വരൾച്ച ☐

13 ജലസ്രോതസ്സ് അപകടാവസ്ഥയിൽ എങ്കിൽ എപ്രകാരം?

ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ☐ മണലൂറ്റലുകൊണ്ടുണ്ടാകുന്ന ആഴകൂടുതൽ ☐
സംരക്ഷണ ഭിത്തിയുടെ അഭാവം ☐ കയ്യേറ്റം ☐ മറ്റുള്ളവ☐

14 നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ?

ശുദ്ധജലക്ഷാമം ☐ ജലജന്യരോഗങ്ങൾ☐
മറ്റ് പ്രശ്നങ്ങൾ ☐

15 മുൻപുണ്ടായിരുന്ന ജല സ്രോതസ്സുകളിലേതെങ്കിലും അപ്രത്യക്ഷമായതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐ അറിയില്ല ☐

16 ജലസ്രോതസ്സുകൾ അപ്രത്യക്ഷമായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ

റോഡ് നിർമ്മാണം ☐ കെട്ടിട നിർമ്മാണം ☐
വയൽ നികത്തൽ ☐ കാലാവസ്ഥ വ്യതിയാനം ☐ കയ്യേറ്റം ☐
മറ്റുള്ളവ ☐

17 ജലസ്രോതസ്സുകൾ അപ്രത്യക്ഷമാകുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് നിങ്ങൾ ബോധവാന്മാരാണോ?

അതെ ☐ അല്ല ☐

18 ജലസ്രോതസ്സുകൾ അപ്രത്യക്ഷമായതിനുശേഷം കിണറിലെ ജലനിരപ്പ് താണതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ

ഉണ്ട് ☐ ഇല്ല ☐

19 വേനൽക്കാലത്ത് നിങ്ങളുടെ കിണറിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

20 ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ കാരണവുമായി ഇതിനുബന്ധമുണ്ടോ? (ചോദ്യം 18)

ഉണ്ട് ☐ ഇല്ല ☐ അറിയില്ല ☐

21 ഉണ്ടെങ്കിൽ അതിനുപരിഹാരമായി ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐ അറിയില്ല ☐

22 ഉണ്ടെങ്കിൽ എന്ത് മാർഗ്ഗങ്ങൾ ആണ് അവലംബിച്ചത്?

23 പ്രസ്തുത ജലസ്രോതസ്സിൽ മുൻപ് മത്സ്യസമ്പത്ത് ഉണ്ടായിരുന്നോ?

ഉണ്ട് ☐ ഇല്ല ☐ ഭാഗീകമായി ഉണ്ട് ☐

24 ഉണ്ടായിരുന്നു എങ്കിൽ ഇപ്പോൾ അതിന് ഏതെങ്കിലും മോഷണം ഉണ്ടായതായി നിങ്ങളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

25 ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും വേണ്ടി ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടോ?

ഉണ്ട് ☐ ഇല്ല ☐ അറിയില്ല ☐

26 ഉണ്ടെങ്കിൽ എന്തൊക്കെ?

27 ഇല്ലെങ്കിൽ താങ്കളുടെ അഭിപ്രായത്തിൽ പൊതുവായി അവലംബിക്കാവുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ?

മാലിന്യനിർമ്മാർജ്ജനം ☐ മാലിന്യനിക്ഷേപം തടയാനുള്ള ബോധവൽക്കരണം ☐

ചിട്ടയായ ശുചീകരണപ്രവർത്തനങ്ങൾ ☐ സംരക്ഷണ പ്രവർത്തനങ്ങൾ ☐ മറ്റുള്ളവ ☐

28 പൊതുവായി അവലംബിക്കാവുന്ന ശുചീകരണ പ്രവർത്തനങ്ങൾ എന്തൊക്കെ?

ഹരിതസേന രൂപീകരണം ☐

കാര്യക്ഷമമായ മാലിന്യസംസ്ക്കരണവും നിർമാർജനവും ☐

സമീപത്തുള്ള വീടുകളിൽ മാലിന്യത്തെ ഊർജ്ജമാക്കി മാറ്റാനുള്ള മാർഗങ്ങൾ അവലംബിക്കുക (ബയോഗ്യാസ്) ☐

29 പ്രസ്തുത ജലസ്രോതസ്സിനെക്കുറിച്ച് നിങ്ങൾ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്ന ഓർമ്മകൾ.

30 പ്രസ്തുത ജലസ്രോതസ്സിന്റെ സംരക്ഷണത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കാൻ താങ്കൾ തയ്യാറാണോ?

ആണ് ☐ അല്ല ☐

മറ്റുവിവരങ്ങൾ / അഭിപ്രായങ്ങൾ / നിർദ്ദേശങ്ങൾ :

ഒപ്പ് :

പേര് :

പ്രേരക് :

വിദ്യാകേന്ദ്രം :

ഒപ്പ് :

പേര് :

ടീം ലീഡർ :

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
പരിസ്ഥിതി സാക്ഷരതാപരിപാടി
ജലസ്രോതസ്സുകളുടെ സ്ഥിതിവിവരപഠനം - 2017
വിവരശേഖരണഫോറം II

(പൊതുജലസ്രോതസ്സ് സന്ദർശനം നടത്തി രേഖപ്പെടുത്താനുള്ളത്)

EFS	01

ജില്ല :

തദ്ദേശ സ്വയംഭരണ സ്ഥാപനം :

വാർഡ് :

തിയ്യതി:

പൊതുജലസ്രോതസ്സ്
(കുളം, തോട്, പുഴ, കായൽ, മറ്റുള്ളവ) : ....

വിവരശേഖരണം

(അനുയോജ്യമായവയ്ക്ക് ☑ ചിഹ്നം രേഖപ്പെടുത്തുക)

---

1 ജലസ്രോതസ്സ് ഇപ്പോൾ ഉപയോഗയോഗ്യമാണോ?

അതെ ☐ അല്ല ☐ ഭാഗീകമായി ☐

2 ഉപയോഗയോഗ്യമാണെങ്കിൽ എന്തിനൊക്കെ?

കുടിക്കാൻ ☐ കുളിക്കാൻ ☐

അലക്കാൻ ☐ കന്നുകാലികളെ കുളിപ്പിക്കാൻ ☐

കൃഷിക്ക് ☐ മറ്റുള്ളവ ☐

3 ഉപയോഗയോഗ്യമല്ലെങ്കിൽ എന്തുകൊണ്ട്?

മലിനമാക്കപ്പെട്ടതുകൊണ്ട് ☐ അപകടാവസ്ഥയിലായതിനാൽ ☐ മറ്റുള്ളവ ☐

4 പ്രസ്തുത ജലസ്രോതസ്സ് മലിനാവസ്ഥയിൽ എങ്കിൽ കാരണമെന്ത്?

ഖരമാലിന്യം (ചപ്പുചവറുകൾ) ☐ ദ്രവമാലിന്യങ്ങൾ (മലിന ജലമൊഴുക്കൽ) ☐

ഗാർഹിക മാലിന്യങ്ങൾ ☐ കയ്യേറ്റം ☐

5 മലിന ജലം ആണ് കാരണമെങ്കിൽ സ്രോതസ്സ്?

ഗാർഹിക ☐ വ്യാവസായികം ☐

വാഹനങ്ങൾ കഴുകൽ ☐ കന്നുകാലികളെ കുളിപ്പിക്കൽ ☐

മറ്റുള്ളവ ☐

6 ഖരമാലിന്യങ്ങൾ ആണെങ്കിൽ?

ഹോട്ടൽ മാലിന്യങ്ങൾ ☐ പ്ലാസ്റ്റിക്, കുപ്പി മാലിന്യങ്ങൾ ☐

ചപ്പുചവറുകൾ ☐ മറ്റുള്ളവ ☐

7 പ്രസ്തുത ജലസ്രോതസ്സ് മലിനപ്പെട്ടുവെന്നതിന് നിങ്ങൾക്ക് കിട്ടിയ സൂചനയെന്ത്?

ദുർഗന്ധം ☐ ജലത്തിന്റെ നിറവ്യത്യാസം ☐

മാലിന്യങ്ങൾ ☐ മറ്റുള്ളവ ☐

8 പ്രസ്തുത ജലസ്രോതസ്സുമായി ബന്ധപ്പെട്ട ജൈവസമ്പത്തുണ്ടോ?

മത്സ്യങ്ങൾ	-	ഉണ്ട് ☐	ഇല്ല ☐	കുറഞ്ഞഅളവിൽ ☐	മറ്റുള്ളവ ☐
പക്ഷികൾ	-	ഉണ്ട് ☐	ഇല്ല ☐	കുറഞ്ഞഅളവിൽ ☐	മറ്റുള്ളവ ☐
സസ്യവൈവിധ്യം	-	ഉണ്ട് ☐	ഇല്ല ☐	കുറഞ്ഞഅളവിൽ ☐	മറ്റുള്ളവ ☐

9 ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ?

മാലിന്യനിക്ഷേപം ☐ ജലത്തിനുവേണ്ടിയുള്ള അമിതചൂഷണം ☐

മണ്ണടിയൽ ☐ കയ്യേറ്റം ☐ വരൾച്ച ☐ മറ്റുള്ളവ ☐

10 ജലസ്രോതസ്സ് അപകടാവസ്ഥയിൽ എങ്കിൽ എപ്രകാരം?

മണലൂറ്റലുകൊണ്ടുണ്ടാകുന്ന ആഴക്കൂടുതൽ ☐ കയ്യേറ്റം ☐

സംരക്ഷണഭിത്തിയുടെ അഭാവം ☐ മറ്റുള്ളവ ☐

11 ജലസ്രോതസ്സുകൾ അപ്രത്യക്ഷമായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ?

റോഡ് നിർമ്മാണം ☐ കെട്ടിടനിർമ്മാണം ☐ കയ്യേറ്റം ☐

വയൽ നികത്തൽ ☐ കാലാവസ്ഥ വ്യതിയാനം ☐ മറ്റുള്ളവ ☐

12 ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും ജൈവ സമ്പത്തിന്റെ സംരക്ഷണത്തിനും വേണ്ടി ഏതെങ്കിലും മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

13 ഉണ്ടെങ്കിൽ എന്തൊക്കെ

ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ (സർവ്വേ ടീം അംഗങ്ങൾ ചർച്ച ചെയ്ത് രേഖപ്പെടുത്തുക)

ഒപ്പ് :

പേര് :

പ്രേരക് :

വിദ്യാകേന്ദ്രം :

ഒപ്പ് :

പേര് :

ടീം ലീഡർ :